ഓഗസ്റ്റ് 2026

# GREGORIAN







## മരുഭൂമിയിലെ പരുമല

## ST. GREGORIOS ORTHODOX CHURCH SHARJAH

## PARISH BULLETIN

ESTD : 1979 Vol 08/2026 AUGUST 2026 / Pages 8

# പരിശുദ്ധരുടെ മുൻ പന്തിയിലെ തിളങ്ങുന്ന രത്നം

പരിശുദ്ധ ദൈവ ജനയിത്രിയായ കന്യക മറിയാമിന്റെ വാങ്ങിപ്പ് പെരുന്നാളിന്റെ മുന്നോടിയായും ഒരുക്കത്തിനായും പരിശുദ്ധ സഭ ക്രമീകരിച്ചിരിക്കുന്ന ശൂനോയോ നോമ്പ് ഓഗസ്റ്റ് മാസം ഒന്നാം തീയതി മുതൽ മലങ്കര സഭ ആചരിക്കുകയാണ്. ഈ സന്ദർഭത്തിൽ പരിശുദ്ധ മാതാവിനെ സ്മരിച്ചുകൊണ്ട് ഏതാനും ചിന്തകൾ പങ്കുവയ്ക്കാൻ ശ്രമിക്കുകയാണ് ഈ കുറിപ്പിലൂടെ.

പരിശുദ്ധ മാതാവ് ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ അനുപമമായ സ്ഥാനമാണ് അലങ്കരിക്കുന്നത്. സുറിയാനി ഭാഷയിൽ 'യൊൽദാത് ആലോഹോ' എന്നാണ് മാതാവ് വിശേഷിപ്പിക്കപ്പെടുന്നത്. ദൈവ ജനയിത്രി എന്ന് മലയാളത്തിലും ഗോഡ് ബെയറർ എന്ന് ഇംഗ്ലീഷിലും തർജ്ജമ ചെയ്യാവുന്ന പ്രയോഗമാണിത്. ദൈവ മാതാവ് എന്ന വിശേഷണം സഭാ ചരിത്രത്തിൽ വലിയ വിവാദം ഉയർത്തിയതും വേദവിപരീതമായി തള്ളിക്കളഞ്ഞ നെസ്തോറിയനിസത്തിന്റെ പ്രധാന തർക്കവും ഇത് സംബന്ധിച്ചായിരുന്നു. ഈ പ്രയോഗം തെറ്റിദ്ധാരണ ഉണ്ടാക്കുന്നതാണ് എന്നും അതുകൊണ്ട് ക്രിസ്തുമാതാവ് എന്നാണ് വിളിക്കേണ്ടത് എന്നുമായിരുന്നു അവരുടെ വാദം. എന്നാൽ ക്രിസ്തു എന്നതിൽ യേശുവിലെ ദൈവത്വം പ്രകടമായി പ്രകാശിക്കപ്പെടുന്നില്ല എന്നതിനാൽ പരിശുദ്ധ മാതാവിനെ ദൈവ ജനയിത്രി എന്നാണ് വിളിക്കേണ്ടത് എന്ന് പരിശുദ്ധ സഭാ പിതാക്കന്മാർ നിഷ്കർഷിച്ചു. ദൈവത്തെ തന്റെ ഉദരത്തിൽ വഹിച്ച് മനുഷ്യാവതാരത്തിന് കാരണഭൂത ആയവൾ എന്നത് തന്നെ വേണം എന്ന് താല്പര്യം.

ഈ ഗർഭധാരണവും ജനനവും മറിയാമിന് നൽകിയ കഷ്ടതയും ദുരിതവും വിവരണാതീതമാണ്. ഒന്നാമത്, മുൻ നിശ്ചിതമായ വിവാഹം നടക്കാതെ പോയി, അതിന് മുൻപേ തന്നെ അവൾ ദൈവവചനത്താൽ ഗർഭിണി ആയിക്കഴിഞ്ഞിരുന്നു. എങ്കിലും യൗസേപ്പ് പിതാവിന്റെ, ദൈവീക നിർദ്ദേശപ്രകാരമുള്ള, സമീപനം മാതാവിനെ അപമാനത്തിൽ നിന്നും രക്ഷിച്ചു. അതിന് ആ പിതാവിനെ എത്ര പുകഴ്ത്തിയാലും മതിയാവില്ല. തന്റെ ഭാര്യ അല്ലാത്തവളെ ഭർത്താവിനെപ്പോലെ കരുതി സംരക്ഷിച്ചു. തന്റെ മകനല്ലാത്തവനെ സ്നേഹവും വാത്സല്യവും സമേതം വളരാൻ സഹായിച്ചു ആ നീതിമാനായ യൗസേപ്. ഇതുമൂലം അദ്ദേഹത്തിന് ഏറെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. അതെല്ലാം അദ്ദേഹം തികഞ്ഞ സന്തോഷത്തോടെ നേരിട്ടു. യേശുവിന്റെ പന്ത്രണ്ടാം വയസ്സുവരെയേ നാം അദ്ദേഹത്തെ കാണുന്നുള്ളൂ. നമുക്ക് ലഭിക്കുന്ന ഉറപ്പായ വിവരം, ലൂക്കോസ് രണ്ടാം അധ്യായം ഒൻപതാം വാക്യത്തിൽ പറയുന്നതുപോലെ, യേശു മാതാപിതാക്കൾക്ക് വിധേയപ്പെട്ട് മുപ്പതാം വയസ്സുവരെ ജീവിച്ചു എന്നാണ്. ഈ കാലയളവിൽ സ്ഥിരമായി ശാബദ് ദിനങ്ങളിൽ സംഘാലയത്തിലും പെരുന്നാളുകൾക്ക് യെരുശലേമിലും പോയിരുന്നു. ഇക്കാലമത്രയും മാതാവിന്റെ നാട്ടിലാണ് ജീവിച്ചിരുന്നത്. പിന്നീട് യേശുവിനെ തച്ചന്റെ മകൻ എന്നറിയപ്പെട്ടു (മത്തായി 13:55) എന്നതിൽ നിന്ന് മാതാവിന്റെ നാട്ടിൽ വസിച്ച് യൗസേപ്പിനോടൊപ്പം ജോലി ചെയ്തു വന്നു എന്നും മനസ്സിലാക്കാം. അക്കാലത്തെ യഹൂദാ പാരമ്പര്യപ്രകാരം മാതാവ് യേശുവിന് മതകാര്യങ്ങൾ പറഞ്ഞുകൊടുത്തിട്ടുമുണ്ടാകും. ചുരുക്കത്തിൽ ഒരു സാധാരണ മനുഷ്യജീവിതമായിരുന്നു മുപ്പതു വയസ്സുവരെ അദ്ദേഹത്തിൻറേത്. അതുകൊണ്ടാണ് ലൂക്കോസ് 2ന്റെ 52 ൽ കാണുന്ന 'ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്ന് വന്നു'എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനു ശേഷം ദൈവത്വവും മനുഷ്യത്വവും ചേർന്ന ജീവിതം. ഇതാണ് നമുക്ക്, യേശുവിനെ അനുഗമിക്കുന്ന, വിശുദ്ധ മാമോദീസായ്ക്ക് ശേഷം, 'പിതാവാം ദൈവമേ അവിടുത്തെ ഏകജാതന് സഹോദരി/ സഹോദരൻ ആയിതീർന്നിട്ടുള്ള' നമുക്ക് പിൻതുടർന്ന് ജീവിക്കേണ്ട ശുദ്ധമായ മാതൃക. തന്റെ മകൻ ആരായി തീരും എന്ന് ഗബ്രിയേൽ മാലാഖയിൽ നിന്നും അറിഞ്ഞിരുന്നു മാതാവ് (ലൂ. 1:26 മു.). പന്ത്രണ്ടാം വയസ്സിൽ യേശുതമ്പുരാൻ തന്റെ മാതാവിനോടുള്ള മറുപടിയിൽ 'ഞാൻ എന്റെ പിതാവിനുള്ളതിൽ ഇരിക്കേണ്ടതുണ്ട്...'' (ലൂ. 2:49) എന്ന മറുപടിയിൽ ഇത് അരക്കിട്ടുറപ്പിക്കപ്പെട്ടു. അതുകൊണ്ട് യാതൊരു പ്രതിഷേധവുമോ കുറ്റപ്പെടുത്തലോ കൂടാതെ തന്റെ മകനെ ആദിമുതലേയുള്ള ദൈവീക പ്രവർത്തികളുടെ ഉള്ളടക്കം അവൾ ഉപദേശിച്ചിരിക്കണം. ഇതിൽ ശ്രദ്ധേയമായ കാര്യം, യേശുവിന് ലഭിച്ച ഉപദേശം തന്റെ മത നേതൃത്വത്തിന്റെ പഠിപ്പിക്കലിന് അനുസരിച്ചുള്ളതല്ലായിരുന്നു എന്നതാണ്. അവരിൽ നിന്നും വ്യത്യസ്ഥമായി ദൈവത്തിന്റെ സ്വഭാവം, മറ്റ് ജാതികളോടുള്ള, പ്രത്യേകിച്ച് ശമര്യക്കാരോടുള്ള കാഴ്ചപ്പാട്, രോഗികളോടും പീഢിതരോടുമുള്ള സമഭാവന, ദൈവാലയത്തെക്കുറിച്ചുള്ള എരിവ്, വേദവ്യാഖ്യാനത്തിലെ പ്രത്യേകത, എന്ന് വേണ്ട മനുഷ്യ ജീവിതത്തിലെ എല്ലാ ഭാവങ്ങളും വേണ്ടുംവിധം മാതാവ് ഉപദേശിച്ചു എന്ന് യേശുവിന്റെ പരസ്യ ശുശ്രൂഷാകാലത്തെ പ്രവർത്തന ശൈലിയിൽ നിന്നും വ്യക്തമാണ്. അതോടൊപ്പം ദൈവാലയത്തിൽ ചെന്നപ്പോൾ വൃദ്ധനായ ശിമോൻ മാതാവിന്റെ ഭാവി അനുഭവത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങളും (ലൂ. 2:35) അവൾ പൂർണ്ണമായും ഉൾക്കൊണ്ടിരുന്നു എന്നത് തീർച്ചയാണ്. അതുകൊണ്ടാണ് സകലതും ഉള്ളിൽ സംഗ്രഹിച്ചു' (ലൂ. 2:51) എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. അവൾ തന്റെ മകന്റെ ഒരു നിഴൽ എന്നവണ്ണം നിർണ്ണായക സന്ദർഭങ്ങളിലെല്ലാം കൂടെ സഞ്ചരിച്ചു. ഒരമ്മയ്ക്കും ഹൃദയം തകരാതെ കണ്ടു നിൽക്കാൻ കഴിയാത്തവിധം അത്ര അപമാനകരവും ദു:ഃഖകരവും നഷ്ടബോധം ഉണ്ടാക്കുന്നതുമായ സന്ദർഭങ്ങൾക്കാണ് അവൾ തികഞ്ഞ സംയമനത്തോടെ സാക്ഷി ആകുന്നത്.

തീർച്ചയായും നിർവൃതി നൽകിയ നിമിഷങ്ങളും ഉണ്ടായിട്ടുണ്ട്. വലിയ ജനക്കൂട്ടം യേശുവിനെ ആദരവോടെ പിൻതുടരുന്നത് മാതാവ് കണ്ടിട്ടുണ്ട്. തന്റെ നിർദ്ദേശപ്രകാരം കാനാവിലെ ഭവനത്തിന്റെ അഭിമാനം സംരക്ഷിക്കാൻ പ്രവർത്തിച്ചത്, രോഗികൾ സൗഖ്യം നേടി നന്ദി പറയുന്നുണ്ട്. വിശന്നിരുന്നവർക്ക് സമൃദ്ധിയായി ഭക്ഷണം ഒരുക്കിയത് ഒക്കെ ഈ വിധത്തിലുള്ളവ ആയിരുന്നു. എന്നാൽ സമൂഹത്തിന്റെ മുൻ നിരയിലുണ്ടായിരുന്നവരുടെ നിരന്തരമായ കുറ്റാരോപണം, കല്ലെറിയാനുള്ള ശ്രമം, ഭ്രാന്തനെന്നും പിശാചിന്റെ സഹകാരി എന്നുമൊക്കെയുള്ള ആക്ഷേപങ്ങൾ, സ്വന്തം കുടുംബക്കാർ തന്നെ തന്റെ മകനെ തള്ളി സംസാരിച്ചത് തുടങ്ങിയവയെല്ലാം നൽകിയത് അടക്കാനാവാത്ത വേദനയാണ്. ഏറ്റവും വേദനാജനകമായിരുന്നു അവസാന ദിനങ്ങൾ. ഒരമ്മക്കും കണ്ടുനിൽക്കാൻ കഴിയുന്നതായിരുന്നില്ല ആ ദിനങ്ങളിലെ സംഭവങ്ങൾ എങ്കിലും മാതാവ് ആ സാഹചര്യവും ധൈര്യപൂർവ്വം നേരിട്ടു. യേശുവിനെ ക്രൂശിക്കാൻ കൊണ്ടുപോകുമ്പോൾ കണ്ടുനിന്ന മാതാവ് 'ഒരു പ്രാവിനേപ്പോലെ കുറുകി കരഞ്ഞു' എന്നാണ് നമ്മുടെ സഭാപിതാക്കന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്. തന്റെ മകന് വൈകാരിക പിന്തുണയുമായി അവസാന നിമിഷം വരെ ഇക്കാര്യങ്ങളെല്ലാം മനസ്സിൽ സംഗ്രഹിച്ചുകൊണ്ട് പിൻതുടരുന്ന മാതാവിനെ നമുക്ക് കാണാം. അത് മകൻ അവഗണിച്ചുമില്ല. തന്റെ മാതാവിന് തന്റെ വേർപാടിന് ശേഷം ഉത്തമ സംരക്ഷണം ഉറപ്പാക്കുന്നുണ്ട് പ്രിയ പുത്രൻ. അപമാനത്തിന്റെയും തീവ്രമായ വേദനയുടെയും മദ്ധ്യത്തിലും താൻ ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്ന ശിഷ്യനെയാണ് അദ്ദേഹം മാതാവിന്റെ സംരക്ഷണച്ചുമതല ഏൽപ്പിച്ചത്.

ഓർത്തഡോക്സ് പാരമ്പര്യത്തിന്റെ ഉപദേശമനുസരിച്ച് ആ ശിഷ്യനെ ഏൽപ്പിച്ചതിലൂടെ തന്റെ പേരിലുള്ള ആരാധക സമൂഹത്തെയാണ്, സഭയെ, ആണ് മാതാവിന്റെ തുടർ സംരക്ഷണം ഏൽപ്പിച്ചത് എന്ന് നാം അറിയണം. കാരണം സുവിശേഷത്തിന്റെ ചുമതല, ഓർത്തഡോക്സ് വിശ്വാസമനുസരിച്ച്, ('' സുവിശേഷം യോഹന്നാനെ... കല്പിച്ചീശൻ' എന്ന വിവാഹ ശുശ്രൂഷയിലെ ഗാനഭാഗം ശ്രദ്ധിക്കുക) യോഹന്നാനാണ്.

പരിശുദ്ധ സഭയുടെ കർതൃനിർദ്ദേശപ്രകാരമുള്ള ഉത്തരവാദിത്തമാണ് നാം നോമ്പാചരണത്തിലൂടെ ഏറ്റെടുത്ത് നിർവ്വഹിക്കുന്നത്. ഇതുകൊണ്ട് മറ്റ് പരിശുദ്ധന്മാരുടെ നാമമോ അവരുടെ പെരുന്നാളുകളോ അപ്രസക്തങ്ങളോ അപ്രധാനങ്ങളോ ആണ് എന്നർത്ഥമില്ല. പരിശുദ്ധ പിതാക്കന്മാരെല്ലാം ചേർന്ന് ആദ്യമായി സ്ഥാപിച്ച ദൈവലയം പരിശുദ്ധ മാതാവിന്റെ നാമത്തിലായിരുന്നല്ലോ. അവൾ പരിശുദ്ധന്മാരുടെ ഗണത്തിൽ പ്രഥമ സ്ഥാനത്ത് നിൽക്കുന്നു, മറ്റെല്ലാ പരിശുദ്ധന്മാരാലും ആദരിക്കപ്പെടുന്നു എന്നതാണ് വസ്തുത. നമുക്ക് മറ്റ് സഭാപിതാക്കളെപ്പോലെ പരിശുദ്ധ മാതാവിന്റെ നാമത്തെ പുകഴ്ത്താം, അവളുടെ മദ്ധ്യസ്ഥതയിൽ ദൈവ സന്നിധിയിൽ ആരാധന നിർവ്വഹിക്കാം, ഈ നോമ്പ് സമർപ്പിത ഭാവത്തോടെ ആചരിക്കാം. മാതാവിന്റെ മദ്ധ്യസ്ഥതയാൽ തന്റെ മകനും നമ്മുടെ നാഥനുമായവൻ നൽകുന്ന ആശീർവാദവും നൽവരങ്ങളും നന്ദിയോടും സ്തോത്രത്തോടും കർമ്മനിരതത്വത്തോടും സത്യസന്ധതയോടും സ്വീകരിച്ച് നമ്മുടെ ഈലോക ജീവിതത്തെ ധന്യമാക്കാം; അതിനായി നമ്മുടെ മക്കളെ നമുക്ക് പരിശീലിപ്പിക്കാം. പരിശുദ്ധ മാതാവിന്റെ നാമം എന്നും പുകഴ്ത്തപ്പെടട്ടെ, ദൈവം നമ്മെ ഏവരെയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ. മരുഭൂമിയിലെ പരുമല എന്ന് വിശേഷിക്കപ്പെടുന്ന ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയ്ക്കും അതിലെ ബഹു. വികാരിക്കും, സഹ പട്ടക്കാർക്കും, കമ്മറ്റിക്കാർക്കും വിശ്വാസികളായ ജനത്തിനും പരിശുദ്ധ മാതാവിന്റെ പ്രാർത്ഥനയാൽ ദൈവീക സന്നിധിയിൽ നിന്നും സർവ്വവിധ വാഴ്വുകളും ലഭ്യമാകട്ടെ.



**യൂഹാനോൻ മോർ മിലിത്തോസ് മെത്രാപ്പോലീത്ത, തൃശൂർ മെത്രാസനം**

**ഗ്രീഗോറിയൻ**
**ഓഗ്സ്റ്റ് – 2026**

**കർക്കിടകം - ചിങ്ങം 1202**

ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവകയുടെ
ഔദ്യോഗിക മുഖപത്രം

**ഗ്രീഗോറിയൻ**
(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)
**ലക്കം : 08/2026**

MY LORD AND MY GOD

**വെരി. റവ.ഡോ.അഡ്വ.ഷാജി ജോർജ്ജ് കോറെപ്പിസ്കോപ്പ**
(വികാരി)

**റവ. ഫാ. റോബിൻസ് ഡാനിയേൽ**
(സഹ. വികാരി)

**ശ്രീ. അജി കോശി വർഗീസ്**
(ഇടവക ട്രസ്റ്റി)

**ശ്രീ. ഷാജി ജോർജ്ജ്**
(ഇടവക സെക്രട്ടറി)


**ശ്രീ. മാത്യു എബ്രഹാം**
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

**ശ്രീ. മാത്യൂസ് ജോർജ്**
(ഇടവക പ്രതിനിധി)

പ്രസാധകർ
**ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക**
(ഇടവക അംഗങ്ങൾക്ക് മാത്രം)

ഗ്രീഗോറിയനിലേക്കുള്ള
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അയയ്ക്കേണ്ട വിലാസം
e-mail: gulfparumala@gmail.com

## *Vicar's Message*



Dearly beloved,
By the abundant blessings of God, we are entering in to the month of August. The month of August is blessed with mainly two events, firstly, with the lent related to the Shounoyo Perunal (Vangipu Perunal) of St. Mary and secondly as Indians, we observe the Independence of our mother land. Let us pray earnestly for the blessings of the Almighty for keeping us safe. In this bulletin, I would like to request you to "master the three monkeys: Mobile, Money and mind.
Monkeys are intelligent and agile but impatient and fidgety. Unmonitored or uncontrolled, they can create mischief or even havoc. In our modern day to day life, we are overwhelmed by three monkeys. Posing serious risks to focus, time resource, relationships, and most importantly, health, they snatch our sleep, peace of mind, sense of balance and wellbeing.
Mobile phone is a smart tech device, a most useful tool and can be our good servant. But our deep attachment with the gadget has almost elevated it to a status of one of our body parts. Lording over us, the device is playing truant with sleep, mental health, interpersonal relationships, academic attainments and productivity.
Money is a practical and necessary tool to survive. Money perse is not a nuisance but our addiction to it makes it so. Dazzled and enamored by its exterior facets – status symbol, power and flamboyant lifestyles – we dance to money's tune and often fail to realize when our material needs degenerate in to greed, inviting misery.
Our mind is a rare gift to us by the Almighty god. Incredibly intelligent with unlimited potential, it is our great asset and should be our friend. Yet unchanneled and unguided, our mind could be our worst enemy. The torrents of thoughts the mind produces, unless filtered or directed, can torment us. Anxiety, anger, jealousy, fear, depression and other irrational and negative thoughts are some samples of the mischief an uncontrolled mind can create. In fact the monkey mind is the most dominant mischief – maker and if this one is mastered, the other two monkeys can be tamed.
One profound insight that we receive from spiritual masters and health experts is the need to cultivate an attitude of "non attachment" to master such monkeys. The attitude allows us to live in this world fully without being attached to things or thoughts that cause disturbance and suffering.
A mobile phone's attachment with us runs deep, and to break free from its bondage we could practice keeping the mobile out of sight for hours or days, a kind of digital fasting. This way we can set ourselves free from its spell and enjoy more real-life connections and experiences.
Our idea of money needs to be detached from some deep-seated illusions. One, that accumulation of money, exclusively for self, can bring us happiness and, two, that money is all wealth. As our holy scriptures say, money must be good, auspicious, to derive profit/loss. By aligning the pursuit of money with common good, and reimagining wealth in terms of health, relationships, good will, character and contentment, we can tackle the nuisance side of money.
To master our mind, we need to detach ourselves from the acts of the mind. The great scholar, Swami Vivekananda says, "Hold fast to the idea that we are watcher of mind and act. The mind is not I". This idea of 'we' being the witness watching the drifting mind, as separate from ourself, is key and can be learnt, as the Scholar says, "through strengthening our will by slow, continuous, preserving drill".
Hence, my beloved, these three monkeys can serve us well only when we master them.
May the Almighty bless us all.

With Prayers
**Very Revd. Cor Episcopos Shaji George**

# വിശുദ്ധ ദൈവമാതാവ് ആധുനിക മാതൃത്വത്തിന് ഒരു മാതൃക



Co - Vicar's Message

മാതൃത്വം എന്നത് ദൈവികമായ ഒരു പ്രതിഭാസമാണ്. അത് കേവലം ഒരു ജൈവിക പ്രക്രിയ മാത്രമല്ല, മറിച്ച് ഒരു വലിയ നിയോഗവും ആത്മീയ ഉത്തരവാദിത്തവുമാണ്. മാറ്റങ്ങളുടെയും സാങ്കേതിക മുന്നേറ്റങ്ങളുടെയും നടുവിൽ ജീവിക്കുന്ന ഇന്നത്തെ സമൂഹത്തിൽ, ആധുനിക മാതൃത്വം വലിയ വെല്ലുവിളികളെയാണ് നേരിടുന്നത്. ഈ പശ്ചാത്തലത്തിൽ, മലങ്കര ഓർത്തഡോക്സ് സഭയുടെ ആത്മീയ ബോധ്യങ്ങളിൽ നിന്ന് നോക്കിക്കാണുമ്പോൾ, വിശുദ്ധ ദൈവമാതാവിന്റെ ജീവിതവും സ്വഭാവ സവിശേഷതകളും ആധുനിക അമ്മമാർക്ക് വഴിവിളക്കായി മാറുന്നു.

ഓർത്തഡോക്സ് ദൈവശാസ്ത്രത്തിൽ വിശുദ്ധ ദൈവമാതാവ് ('യൊൽദാസ് ആലോഹോ' - God-bearer) താഴ്മയുടെയും ദൈവഹിതത്തിന് കീഴടങ്ങലിന്റെയും പരമകാഷ്ഠയാണ്. മാതാവിന്റെ പ്രധാനപ്പെട്ട ചില സ്വഭാവ സവിശേഷതകളും അവ ആധുനിക കാലത്ത് എങ്ങനെ പ്രായോഗികമാക്കാം എന്നും നമ്മൾക്ക് നോക്കാം:

1. ദൈവഹിതത്തിന് കീഴടങ്ങലും താഴ്മയും **(Submission & Humility)**

വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാതാവ് പറയുന്നത്, 'ഇതാ ഞാൻ  കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ' എന്നാണ്. സ്വന്തം ആഗ്രഹങ്ങൾക്കും പദ്ധതികൾക്കും ഉപരിയായി ദൈവഹിതത്തിന് പൂർണ്ണമായി കീഴടങ്ങിയ ജീവിതമായിരുന്നു വി. ദൈവമാതാവിന്റേത്.

ഇന്നത്തെ പശ്ചാത്തലത്തിൽ, വ്യക്തികേന്ദ്രീകൃതമായ ചിന്തകളും കരിയർ മോഹങ്ങളും പലപ്പോഴും കുടുംബബന്ധങ്ങളിൽ ഉരസലുകൾ ഉണ്ടാക്കുന്നുണ്ട്. ദൈവഹിതം തിരിച്ചറിഞ്ഞ്, താഴ്മയോടെ കുടുംബത്തെയും മക്കളെയും നയിക്കാൻ വി. ദൈവമാതാവിന്റെ ഈ മാതൃക അമ്മമാരെ പഠിപ്പിക്കുന്നു.

2. നിശബ്ദതയും സഹനവും **(Silence & Endurance)**

മാതാവ് കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചവളാണ്. ക്രൂശിലെ യാതനകൾക്കും കഷ്ടതകൾക്കും മുന്നിൽ നിശബ്ദയായി, ഉറച്ച വിശ്വാസത്തോടെ നിലകൊണ്ട അമ്മയാണവൾ. ഈ സമീപകാലത്തായി വർദ്ധിച്ചുവരുന്ന കുടുംബ വഴക്കുകൾ, വിവാഹമോചന നിരക്കുകൾ, മാതാപിതാക്കളും മക്കളും തമ്മിലുള്ള ആശയവിനിമയ വിടവുകൾ എന്നിവ നാം കാണുന്നു. മാതാവിന്റെ നിശബ്ദതയും ക്ഷമയും സഹിഷ്ണുതയും ഇന്ന് ഏത് അമ്മയ്ക്കും പ്രതിസന്ധികളെ ശാന്തതയോടെ നേരിടാനുള്ള വലിയൊരു പാഠമാണ്.

3. മക്കളോടൊപ്പമുള്ള കരുതലും ആത്മീയ കൂട്ടായ്മയും **(Spiritual Nurturing)**

കാനായിലെ കല്യാണ വിരുന്നിൽ വെച്ച് 'അവൻ നിങ്ങളോട് പറയുന്നതൊക്കെയും ചെയ്യുവിൻ' എന്ന് മാതാവ് ഉപദേശിക്കുന്നു. അവിടെയുള്ളവരെ കേവലം ഭൗതികമായി വളർത്തുക മാത്രമല്ല, അവരെ ക്രിസ്തുവിലേക്ക് വിരൽചൂണ്ടി നയിക്കുക എന്നതായിരുന്നു മാതാവിന്റെ ദൗത്യം. ഇന്നത്തെ ആധുനിക സമൂഹത്തിൽ, മക്കൾ ലഹരി ഉപയോഗത്തിനും സൈബർ അടിമത്തത്തിനും അക്രമ വാസനകൾക്കും ഇരയാകുന്ന ഖേദകരമായ കാഴ്ചകൾ നിത്യ സംഭവങ്ങളാണ്. കുഞ്ഞുങ്ങൾക്ക് മാതൃകയാവേണ്ട അധ്യാപികമാർ പോലും ലഹരി മാഫിയാ കണ്ണികളായത് ഞെട്ടലോടെയാണ് നാം കേട്ടത്.  മക്കൾക്ക് ഭൗതിക സൗകര്യങ്ങളും വിദ്യാഭ്യാസവും നൽകുന്നതിലുപരി, ആത്മീയ മൂല്യങ്ങളും ശരിയായ തിരിച്ചറിവും നൽകി അവരെ നയിക്കാൻ അമ്മമാർക്ക് കഴിയണം. മക്കളുടെ സങ്കടങ്ങളിൽ ഓടിയെത്തുന്ന കരുതലാകാൻ വി. ദൈവമാതാവിനെപ്പോലെ അമ്മമാർക്ക് സാധിക്കണം.

4. ത്യാഗമനസ്ഥിതിയും സാന്നിധ്യവും **(Selfless Presence)**

യേശുവിന്റെ ജനനം മുതൽ കാൽവരിയിലെ കുരിശിന്റെ ചുവട് വരെ ഒരു തണലായി മാതാവുണ്ടായിരുന്നു. അത് വലിയൊരു ത്യാഗത്തിന്റെ കഥയാണ്

ഇന്ന് ജോലിത്തിരക്കുകൾക്കും ഡിജിറ്റൽ ലോകത്തെ ആസക്തികൾക്കും ഇടയിൽ മക്കൾക്ക് സ്വന്തം സാന്നിധ്യവും സമയവും നൽകാൻ അമ്മമാർക്ക് പലപ്പോഴും കഴിയാതെ പോകുന്നു. സാങ്കേതികവിദ്യ കുടുംബബന്ധങ്ങളുടെ ഊഷ്മളത കെടുത്തുന്ന ഈ കാലഘട്ടത്തിൽ, മക്കൾക്കൊപ്പം ഭൗതികമായും മാനസികമായും ആത്മീയമായും തണലായി നിലകൊള്ളേണ്ടതിന്റെ പ്രാധാന്യം വി. ദൈവമാതാവിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

**ഉപസംഹാരം**

പരിശുദ്ധ ദൈവമാതാവ് കേവലം ചരിത്രത്തിലെ ഒരു വ്യക്തിത്വമല്ല, മറിച്ച് ഓരോ ക്രൈസ്തവ ഭവനത്തിലും ശോഭിക്കേണ്ട മാതൃത്വത്തിന്റെ ജീവിക്കുന്ന മാതൃകയാണ്. ഭൗതികവാദവും ഉപഭോഗസംസ്കാരവും ലഹരിയും കുടുംബബന്ധങ്ങളെ തകർത്തുകൊണ്ടിരിക്കുന്ന ഈ ആധുനിക സമൂഹത്തിൽ, വി. ദൈവമാതാവിന്റെ താഴ്മ, പ്രാർത്ഥനാനിർഭരമായ ജീവിതം, ത്യാഗം, സാന്നിധ്യം എന്നീ മൂല്യങ്ങൾ വീണ്ടെടുക്കാൻ അമ്മമാർക്ക് സാധിച്ചാൽ, അത് ഒരു തലമുറയെത്തന്നെ വീണ്ടെടുക്കുന്നതിന് തുല്യമായിരിക്കും. മാതാവിന്റെ മാതൃക പിന്തുടർന്ന് ആത്മീയവും ധാർമ്മികവുമായ കരുത്തുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ ആധുനിക മാതൃത്വത്തിന് സാധിക്കട്ടെ.

സ്നേഹപൂർവ്വം

**ഫാദർ റോബിൻസ് ഡാനിയേൽ**

# ഓഗസ്റ്റ് മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ


**ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം**

ആഗസ്റ്റ് 1



പൗലോസ്
മാർ പക്കോമിയോസ്
**മെത്രാപ്പൊലീത്ത**
പെരുനാട് ബഥനി ആശ്രമം

ആഗസ്റ്റ് 6



അലക്സിയോസ്
മാർ തേവോദോസിയോസ്
**മെത്രാപ്പൊലീത്ത**
(പെരുനാട് ബഥനി ആശ്രമം)

ആഗസ്റ്റ് 15



മാർ ഇഗ്നാത്തിയോസ്
അബ്ദേദ് മശിഹാ
പാത്രിയർക്കീസ് ബാവാ
(കുർക്കുമാ ദയറാ)

ആഗസ്റ്റ് 19



ജോസഫ്
മാർ പക്കോമിയോസ്
**മെത്രാപ്പൊലീത്ത**
മുളക്കുളം കാർമ്മേൽ
കുന്നുപള്ളി

ആഗസ്റ്റ് 24



തോമസ് മാർ
അത്താനാസിയോസ്
**മെത്രാപ്പൊലീത്ത**
ഓതറ സെന്റ് ജോർജ്ജ് ദയറാ

ആഗസ്റ്റ് 31



മാത്യൂസ്
മാർ ഈവാനിയോസ്
**മെത്രാപ്പൊലീത്ത**
കോട്ടയം പാമ്പാടി ദയറ

## ഓബ് – ഓഗസ്റ്റ്

1. ശൂനോയോ നോമ്പ് (15 നോമ്പ്) ആരംഭം. രക്തസാക്ഷികളായ മർത്ത് ശ്മൂനിയുടെയും, ഏഴ് മക്കളുടെയും, ഗുരുവായ മാർ ഏലിയാസറിന്റെയും ഓർമ്മ.
   പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 14-ാം ഓർമ്മ. (റാന്നി – പെരുനാട് ബഥനി ആശ്രമം).
2. **പെന്തിക്കോസ്തിക്കുശേഷം പത്താം ഞായർ. (നിറം 1)**
6. കൂടാരപ്പെരുന്നാൾ. (കർത്താവിന്റെ മറുരൂപപ്പെരുന്നാൾ). (നിറം 6)
   *മലങ്കരയുടെ ധർമ്മയോഗി* അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ 61-ാം ഓർമ്മ. (പെരുനാട് ബഥനി ആശ്രമം).
7. തെസലോനിക്യയിലെ വി. ദെമത്രിയോസിന്റെ ഓർമ്മ.
   യതിവര്യൻ യൗനാൻ കത്തനാരുടെ (അഞ്ചലച്ചൻ) ഓർമ്മ.
9. **കൂടാരപ്പെരുന്നാളിനുശേഷം ഒന്നാം ഞായർ. (നിറം 2)**
10. *മാർ അസ്സസ്സായേൽ സഹദായുടെ ഓർമ്മ.
13. മീഖാ നിബിയുടെ ഓർമ്മ.
15. വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ. (ശൂനോയോ പെരുന്നാൾ). (നിറം 7).
    15 നോമ്പ് വീടൽ.
    ഇന്ത്യൻ സ്വാതന്ത്ര്യദിനം.
    മാർ ഇഗ്നാത്തിയോസ് അബ്ദേദ് മശിഹാ ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ 111-ാം ഓർമ്മ. (കുർക്കുമാ ദയറാ).
    മർത്തമറിയം വനിതാ സമാജദിനം.
    കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പൽ പെരുന്നാൾ.
16. **വാങ്ങിപ്പുപെരുന്നാളിനുശേഷം ഒന്നാം ഞായർ. (നിറം 3)**
    മാർ ഈവാനിയോസ് ഹിദായത്തുള്ളാ എപ്പിസ്കോപ്പായുടെ 333-ാം ഓർമ്മ (മുളന്തുരുത്തി പള്ളി).
19. സകല നിബിയന്മാരുടെയും ഓർമ്മ.
    മാർ ലാബി ശ്ലീഹായുടെ ഓർമ്മ.
    ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 35-ാം ഓർമ്മ. (മുളക്കുളം കർമ്മേൽ കുന്ന് പള്ളി).
20. മാർ ശമുവേൽ നിബിയുടെ ഓർമ്മ.
    സഖറിയാ മാർ അന്തോനിയോസ് മെത്രാപ്പോലീത്തായുടെ 3-ാം ഓർമ്മ. (ശാസ്താംകോട്ട മൗണ്ട് ഹോറേബ് ആശ്രമം).
23. **വാങ്ങിപ്പുപെരുന്നാളിനുശേഷം രണ്ടാം ഞായർ. (നിറം 4)**
24. മാർ മത്ഥ്യാസ് ശ്ലീഹായുടെ ഓർമ്മ.
    തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ 8-ാം ഓർമ്മ. (ഓതറ സെന്റ് ജോർജ്ജ് ദയറാ)
29. മാർ യോഹന്നാൻ മാംദാനായുടെ ശിര:ഛേദത്തിന്റെ ഓർമ്മ.
30. **വാങ്ങിപ്പുപെരുന്നാളിനുശേഷം മൂന്നാം ഞായർ. (നിറം 5)**
31. പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 46-ാം ഓർമ്മ. (പാമ്പാടി മാർ കുറിയാക്കോസ് ദയറാ).

## 2026 ഓഗസ്റ്റ് മാസം – ഒറ്റനോട്ടത്തിൽ

1. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
   - SHOONOYO FAST
2. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/ വിശുദ്ധ കുർബ്ബാന
3. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
4. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
5. പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം/ വിശുദ്ധ കുർബ്ബാനTHE FEAST OF TRANSFIGURATION
6. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
7. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / വിശുദ്ധ കുർബ്ബാന
8. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
9. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/ വിശുദ്ധ കുർബ്ബാന
10. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/ വിശുദ്ധ കുർബ്ബാന
11. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഗാനശുശ്രൂഷ/ വചന ശുശ്രൂഷ/ സമാപന പ്രാർത്ഥന/ ആശിർവാദം /നേർച്ചകഞ്ഞി
12. പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം/ മധ്യസ്ഥ പ്രാർത്ഥന/ ഗാനശുശ്രൂഷ/ വചന ശുശ്രൂഷ/ സമാപന പ്രാർത്ഥന/ ആശിർവാദം /നേർച്ചകഞ്ഞി
13. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഗാനശുശ്രൂഷ/ വചന ശുശ്രൂഷ/ സമാപന പ്രാർത്ഥന/ ആശിർവാദം /നേർച്ചകഞ്ഞി
14. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന/ മധ്യസ്ഥ പ്രാർത്ഥന, പ്രദക്ഷിണം ആശീർവാദം, നേർച്ച
    SHOONOYO PERUNNAL - FEAST OF THE DORMITION OF VIRGIN MARY
15. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
    INDEPENDENCE DAY
16. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/ വിശുദ്ധ കുർബ്ബാന
17. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
18. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
19. പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
20. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
21. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / വിശുദ്ധ കുർബ്ബാന
22. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
23. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/ വിശുദ്ധ കുർബ്ബാന
24. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
25. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
26. പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
27. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന/ ഏരിയ പ്രയർ
28. പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / വിശുദ്ധ കുർബ്ബാന
29. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം
30. പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/ വിശുദ്ധ കുർബ്ബാന

# AREA - PRAYER GROUPS DETAILS - AUG 2026

| Sl. No. | Area | Name of the Prayer Group | Day of the Meeting | Hosting By |
|---|---|---|---|---|
| 1 | Ajman Karama<br>Ajman Sanaiya | St. Lukes<br>St. Kuriakose | Tuesday, 4 August 2026, 8.30 pm-9.30 pm | Mr. Arun joy (A-279)<br>Mr. Jinu John Arathil (J-691)<br>Mr. Jackson Philip poovathoor(J-798)<br>Mr. Thomas samul(T-239) |
| 2 | Abu Shagarah | St. Thomas | Thursday, 6 August 2026, 8.30 pm-9.30 pm | Mr. Rajan Gheevarghese ( R-026 )<br>Mr. Rajan Kunju V Thomas (R-257 )<br>Mr. Shaji T Chacko (S-656 ) |
| 3 | Maisaloon | St. Baselios | Tuesday, 18 August 2026, 8.30 pm-9.30 pm | Mr. Reji Samuel ( R 061 ) |
| 4 | Al Nahda<br>Al Wahda<br>Dubai | St. Dionysius<br>St.Mathews<br>St.Ignatius | Thursday, 20 August 2026, 8.30 pm 9.30pm | Mr. Jacob John & Family ( J-250 )<br>Mr. Roggy George & Family ( R-192 ) |
| 5 | Sharq | St. George | Tuesday, 25 August 2026, 8.30 pm 9.30pm | Mr. Binu mathew & Family ( B-111)<br>Mr. Sabu Oommen & Family (S-097)<br>Mr. John Chacko & Family (J-299)<br>Mr.Santo Sam & Family (S-848) |
| 6 | Old Airport | St. Pauls | Thursday, 27 August 2026, 8.30 pm-9.30 pm | Mr. Thankachan A P (T-072) |
| 7 | Al Khazamia<br>B.M.W<br>Sharjah University | St. Stephens<br>St. Marys<br>St. Behanans | Thursday, 27 August 2026, 8.30 pm-9.30 pm | Mr. Pappachan Alexander (P-112) |

## WORSHIP TIMING

| | | |
|---|---|---|
| Sunday | 6:15 am | Night Prayer , 7.00 am - Morning Prayer |
| | 8:00 am | Holy Qurbana |
| Sunday | 6:15 pm | Evening Prayer |
| Evening | 7:00 pm | Holy Qurbana |
| Tuesday | 7:30 pm | Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | 7:30 pm | Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | 6:45 pm | Evening Prayer |
| | 7:30 pm | Holy Qurbana |
| Saturday | 4:30 am | Night Prayer, 5.00 am - Morning Prayer |
| | 5:30 am | Holy Qurbana |
| Other | 5.30 am | Night Prayer, Morning Prayer |
| Days | 7.00 pm | Evening Prayer |

### അപേക്ഷകൾ ക്ഷണിക്കുന്നു

### H. G JOB MAR PHILOXENOS MEMORIAL ENDOWMENT AND EDUCATIONAL AWARD

### CLASS X MERIT AWARD

അഭി. ജോബ് മാർ പീലക്സിനോസ് മെമ്മോറിയൽ എൻഡോവ്മെന്റ് & എഡ്യൂക്കേഷണൽ അവാർഡിന് വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പ്രസ്തുത അവാർഡിന്റെ 2026 ലെ ജേതാക്കളെ കണ്ടെത്തുന്നതിലേക്കായി അപേക്ഷയും MARKSHEET -ന്റെ അറ്റെസ്റ്റഡ് കോപ്പിയും ചേർത്ത് 2026 സെപ്റ്റംബർ മാസം 30ാം തീയതിക്കു മുൻപായി പള്ളി ഓഫീസിലോ, ബഹുമാനപെട്ട വികാരിയച്ചന്റെ പക്കലോ നൽകേണ്ടതാണ്.

I.C.S.E, CBSE & KERALA SYLABUS ൽ ഇന്ത്യയിലും UAE യിലും പഠിച്ച ഏറ്റവും കൂടുതൽ മാർക്ക് ഗ്രേഡ് വാങ്ങി 10TH പാസ്സായ വിദ്യാർത്ഥികൾക്കായിരിക്കും അവാർഡ്. അപേക്ഷകകർ UAE യിലെ ഏതെങ്കിലും ORTHODOX ഇടവകയിലെ അംഗമായിരിക്കണം.

DETAILS PUBLISHED IN THE CHURCH NOTICE BOARD AND WEBSITE

അഭിവന്ദ്യ തിരുമേനിയുടെ പേരിലുള്ള ഷീൽഡും, Indian Rupees 25,000/- (ഇരുപത്തിഅയ്യായിരവും) ആയിരിക്കും AWARD ആയി നൽകുന്നത്


### CLASS XII – MERIT AWARD

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഡൽഹി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയും, നമ്മുടെ ഇടവകയുടെ മുൻകാല ആത്മീയ സാരഥിയുമായിരുന്ന കാലം ചെയ്ത അഭിവന്ദ്യ DR. PAULOSE MAR GREGORIOS തിരുമേനിയുടെ പാവനസ്മരണക്കായി അദ്ദേഹത്തിന്റെ Birth Centerary Year ആയ 2022 ൽ മരുഭൂമിയിലെ പരുമലയായി അറിയപ്പെടുന്ന ഷാർജ ഇടവക ' അഭിവന്ദ്യ ഡോ പൗലോസ് മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ 'BIRTH CENTENARY AWARD" എന്ന പേരിൽ ഇടവകയുടെ Class XII toppers നായി ഈ വിദ്യാഭ്യാസ അവാർഡ് ആരംഭിച്ചു.

പ്രസ്തുത അവാർഡിന്റെ 2026 ലെ ജേതാക്കളെ കണ്ടെത്തുന്നതിലേക്കായി നമ്മുടെ ഇടവകയിലെ Class XII CBSE, ICSE, Kerala syllabus - Top Grade - Pass ആയിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയും മാർക്ക്ഷീറ്റിന്റെ അറ്റെസ്റ്റഡ് കോപ്പിയും ചേർത്ത് 2026 സെപ്റ്റംബർ മാസം 30-ാം തിയതിക്ക് മുൻപായി പള്ളി ഓഫീസിലോ ബഹുമാനപെട്ട വികാരിയച്ചന്റെ പക്കലോ നൽകേണ്ടതാണ്.

അഭിവന്ദ്യ തിരുമേനിയുടെ പേരിലുള്ള Mementoയും, Indian Rupees 25,000/ (ഇരുപത്തിഅയ്യായിരവും) ആയിരിക്കും MERIT AWARD ആയി നൽകുന്നത്.

## മലങ്കരയുടെ ധർമ്മയോഗി.



### അലക്സിയോസ് മാർ തേവോദോസിയോസ് (1888–1965)

റാന്നി–പെരുനാട് ബഥനി ആശ്രമത്തിന്റെ സ്ഥാപകരിലൊരാൾ. നിരണം മട്ടയ്ക്കൽ മത്തായി–കുഞ്ഞാണ്ടമ്മ ദമ്പതിമാരുടെ പുത്രൻ. ജനനം. 28–8–1888. കോളജ് വിദ്യാഭ്യാസം കോട്ടയം സി. എം. എസ്. കോളജിൽ പൂർത്തിയാക്കി. കോട്ടയം ചെറിയപള്ളിയിൽ വച്ച് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ശെമ്മാശുപട്ടം നൽകി. 1915 മുതൽ ഈസ്റ്റ് ബംഗാളിലെ ബാരിസോൾ ഡിവിനിറ്റി കോളജ്, ഇംഗ്ലണ്ടിലെ മെൽഫിസിലിം, സെറാമ്പൂർ എന്നിവിടങ്ങളിൽ ദൈവശാസ്ത്രത്തിൽ ഉപരിപഠനം. 1918–ൽ പരുമല വച്ച് യൂയാക്കിം മാർ ഈവാനിയോസ് കശ്ശീശാപട്ടം നൽകി. 1920–ൽ ഫാ. പി. റ്റി. ഗീവർഗീസുമായി (മാർ ഈവാനിയോസ്) ചേർന്ന് സന്യാസവ്രതം സ്വീകരിച്ച് ബഥനി ആശ്രമം സ്ഥാപിച്ചു. ബഥനി മാർ ഈവാനിയോസ് കത്തോലിക്കാ സഭയിൽ ചേർന്നപ്പോൾ ആബോ അലക്സിയോസ് 1930–ൽ ബഥനി ആശ്രമത്തിന്റെ അധ്യക്ഷനായി. 1938 ഏപ്രിൽ 7–ന് കർമ്മേൽ ദയറായിൽ വച്ച് ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ, മാർ തേവോദോസിയോസ് എന്ന നാമത്തിൽ എപ്പിസ്ക്കോപ്പാ ആക്കി കൊല്ലത്തിന്റെയും ബാഹ്യകേരള ഭദ്രാസനത്തിന്റെയും ചുമതല നല്കി. ഇന്നത്തെ ബാഹ്യകേരള ഭദ്രാസനങ്ങൾക്ക് അടിത്തറ പാകിയ ഇദ്ദേഹത്തെ 1941 ഏപ്രിൽ 8–ന് ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജ് ചാപ്പലിൽ വച്ച് ഗീവറുഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ മെത്രാപ്പോലീത്താ ആക്കി ഉയർത്തി. മാർ ഈവാനിയോസിന്റെ സഭാ ഭ്രംശത്തെത്തുടർന്ന് ബഥനി ആശ്രമത്തെ സുസംഘടിതമാക്കി പരിപോഷിപ്പിക്കുന്നതിനും പാത്രിയർക്കീസ് കക്ഷിയുടെ തത്വരഹിതമായ കപട സമാധാന ചർച്ചകളിൽ ചതിവുകൾ പറ്റാതെ തത്വാധിഷ്ഠിത സിദ്ധാന്തങ്ങളിൽ സഭയെ ചിട്ടപ്പെടുത്തുന്നതിലും ഇദ്ദേഹത്തിന്റെ പങ്കാളിത്തവും നേതൃത്വവും ശ്രദ്ധേയമായിരുന്നു.ചിങ്ങവനം വട്ടമേശ സമ്മേളനത്തിൽ നിന്ന് സുധീരം ഇറങ്ങിപ്പോയ അദ്ദേഹം ' ഞാൻ പഴയ ചാണ്ടിയായി മാറിയാലും സ്വാതന്ത്രം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രോപ്പോലിത്തയായി കഴിയുവാൻ ആഗ്രഹിക്കുനില്ല . ഒരു നായയെ പോലെ മരിക്കേണ്ടിവന്നാലും മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി അടരാടും ' മലങ്കര സഭയുടെ സ്വാതന്ത്രിയം തീറെഴുതാനും അബ്ദൽ മ്ശിഹായുടെ പട്ടത്വം പാഴാണെന്നു സമ്മതിക്കാനും ഞാൻ തയ്യാറില്ല ' എന്ന് പ്രസ്താവിച്ചു . മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, വാളക്കുഴിയിൽ ജോസഫ് മാർ സേവേറിയോസ് എന്നിവർ സഭാത്യാഗം ചെയ്തപ്പോൾ ബഥനിയെ അതിന്റെ സ്ഥാപനോദ്ദേശ്യത്തിൽ ഉറപ്പിച്ചു നിർത്തുവാൻ ഇദ്ദേഹത്തിന്റെ നേതൃത്വം സഹായകമായി. മലങ്കരസഭയെ ലോക സഭകൾക്ക് പരിചയപ്പെടുത്തുന്നതിലും, എക്യുമെനിക്കൽ രംഗത്തേക്ക് ആരംഭ ഘട്ടത്തിൽ തന്നെ മലങ്കരസഭയെ പ്രവേശിപ്പിക്കുന്നതിലും നിർണ്ണായക പങ്ക് വഹിച്ചു. അഖില ലോക സഭാ കൌൺസിലിന്റെ കേന്ദ്ര കമ്മിറ്റിയംഗമായി ദീർഘകാലം പ്രവർത്തിച്ചു. 1965 ആഗസ്റ്റ് 6–ന് കൂടാരപ്പെരുന്നാൾ ദിനത്തിൽ ദിവംഗതനായി. റാന്നി–പെരുനാട് ബഥനി ആശ്രമം ചാപ്പലിൽ കബറടക്കി.

## വി. വേദവായന കുറിപ്പ്

| | | |
|---|---|---|
| 02-Aug | 10th Sunday after Pentecost | : St. Matthew 18: 1-11 |
| 06-Aug | The festival of Transfiguration | : St. Luke 9:27-36 |
| 09-Aug | 1st Sunday after the festival of Transfiguration | : St. Mathew 21:28-32 |
| 15-Aug | Festival of the Ascension of St Mary | : St. John 19: 25-27 |
| 16-Aug | 1st Sunday after the festival of the Ascension of St Mary | : St. Luke 6 : 39 - 45 |
| 23-Aug | 2ndSunday after the festival of the Ascension of St Mary | : St. Luke 11:09-20 |
| 30-Aug | 3rd Sunday after the festival of the Ascension of St Mary | : St. Mathew 17:22-27 |

# Orthodox Medical Forum

## Ready Set Grow

### Essential Foundations for Classroom Success

The transition back to school after the summer vacation requires important neurodevelopmental and behavioral adjustments. Success in the classroom, regardless of grade level, involves far more than reviewing academic content. Children must rebuild their physical endurance for sitting at a desk, strengthen their fine motor skills and regain the emotional self-regulation needed to thrive in stimulating classroom environments.

Psalm 139:14

"I praise you because I am fearfully and wonderfully made..."

We can support God's intricate design by intentionally strengthening our children's physical and cognitive foundations at home before the new school term begins.

- Fine Motor Precision & Stamina: Hand strength is essential for sustained handwriting and typing. After the summer break, rebuild these muscles through playful activities such as using tweezers to sort small objects, kneading firm clay, practicing more intricate cutting tasks, typing drills or detailed sketching.
- Postural & Core Stability: Maintaining attention at a desk without fatigue depends on good core strength and postural stability. Build endurance through activities such as playground climbing, play "animal crawls", swimming or core-building yoga planks.
- Visual-Motor Integration: Reading, tracking text and copying information from the board requires children to coordinate what they see with how they move. Rebuild these skills through activities like completing interlocking puzzles, navigating complex mazes and word-searches, drawing or copying complex patterns, building intricate LEGO sets or practicing target sports.
- Sensory Self-Regulation: Transitioning from the relaxed pace of summer to the busy classroom increases sensory demands on children and requires strong emotional regulation. Ease this adjustment by re-establishing consistent bedtime routines and practicing deep-breathing exercises to help manage school-related anxiety.
- Task Independence: Confidence at school is closely linked to independence in everyday tasks. Encourage children to independently open tricky lunchbox latches, pack backpacks, manage morning grooming and outfits and keep a personal calendar to track homework deadlines to reduce stress and build self-confidence.

Addressing these foundational skills before the school year begins can help prevent early academic fatigue and make the transition smoother for the entire family. As a church community, let us work together to ensure our children return to the classroom confident, capable and well prepared for the bright future God has planned for them.


Prepared by –
**Bessy Oommen**
Pediatric Occupational Therapist,
Community Development Authority, Dubai.

## UMM AL QUWAIN SERVICE

UAQ ഏരിയയിലെ August മാസത്തെ വി:കുർബ്ബാന ബുധനാഴ്ച (19-08-2026) വൈകുന്നേരം 7 മണിക്ക് സന്ധ്യാ നമസ്കാരത്തോടു കൂടി UAQ prayer hallൽ വെച്ച് ആരംഭിക്കുന്നതാണ്.

LOCATION

## ഭരണഘടനയും സ്വാതന്ത്ര്യവും: ഇന്ത്യയുടെ ജനാധിപത്യത്തിന്റെ കരുത്ത്




'വിധിയുമായുള്ള ഒരു കൂടിക്കാഴ്ച' എന്ന ജവഹർലാൽ നെഹ്റുവിന്റെ ചരിത്രപ്രസിദ്ധമായ പ്രസംഗത്തോടെയാണ് 1947 ആഗസ്റ്റ് 15ന് സ്വതന്ത്ര ഇന്ത്യയുടെ ഉദയം. ബ്രിട്ടീഷ് ഭരണത്തിന്റെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ ഒരു രാജ്യം ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായും അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥകളിലൊന്നായും മാറിയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ 80ാം വാർഷികദിനം ആഘോഷിക്കുന്ന ഈ വേളയിൽ, ഭരണഘടനയും സ്വാതന്ത്ര്യവും എന്ന വിഷയത്തെ കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കും .

1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ ഒരു പുതിയ ചരിത്രത്തിനാണ് തുടക്കമായത്. എന്നാൽ സ്വാതന്ത്ര്യം നേടിയതോടെ മാത്രം ഒരു രാഷ്ട്രത്തിന്റെ ദൗത്യം അവസാനിക്കുന്നില്ല. ആ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുകയും ഓരോ പൗരനും നീതിയും സമത്വവും ഉറപ്പാക്കുകയും ചെയ്യുന്നതിന് ശക്തമായ ഒരു അടിത്തറ ആവശ്യമായിരുന്നു. അതാണ് നമ്മുടെ ഭരണഘടന.

1949 നവംബർ 26ന് അംഗീകരിക്കപ്പെട്ട ഇന്ത്യൻ ഭരണഘടന 1950 ജനുവരി 26ന് പ്രാബല്യത്തിൽ വന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ മാർഗദർശിയാണ് ഇന്ന് ഭരണഘടന. ഇത് ഒരു നിയമപുസ്തകം മാത്രമല്ല; കോടിക്കണക്കിന് ഇന്ത്യക്കാരുടെ അവകാശങ്ങളുടെയും പ്രതീക്ഷകളുടെയും സംരക്ഷണരേഖയാണ്.

ഭരണഘടന ഓരോ പൗരനും സമത്വം, സ്വാതന്ത്ര്യം, നീതി എന്നിവ ഉറപ്പുനൽകുന്നു. മതം, ഭാഷ, ജാതി, പ്രദേശം എന്നിവയുടെ വ്യത്യാസങ്ങൾക്കപ്പുറം എല്ലാവരും തുല്യരാണെന്ന മഹത്തായ സന്ദേശമാണ് ഇത് നൽകുന്നത്. അഭിപ്രായസ്വാതന്ത്ര്യം, വിശ്വാസ സ്വാതന്ത്ര്യം, മാന്യമായി ജീവിക്കാനുള്ള അവകാശം എന്നിവ ജനാധിപത്യത്തിന്റെ അടിസ്ഥാന തൂണുകളാണ്.

എന്നാൽ അവകാശങ്ങൾക്കൊപ്പം കടമകളും ഭരണഘടന നമ്മെ ഓർമ്മിപ്പിക്കുന്നു. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കുക, നിയമങ്ങളെ ബഹുമാനിക്കുക, മറ്റുള്ളവരുടെ അവകാശങ്ങളെ മാനിക്കുക, പരിസ്ഥിതിയെയും പൊതുസമ്പത്തിനെയും സംരക്ഷിക്കുക എന്നിവ ഓരോ പൗരന്റെയും ഉത്തരവാദിത്തങ്ങളാണ്.

ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തുന്നതിൽ നിരവധി മഹാന്മാർ പങ്കെടുത്തു. പ്രത്യേകിച്ച് ഡോ. ബി. ആർ. അംബേദ്കറിന്റെ നേതൃത്വത്തിലുള്ള ഭരണഘടനാ നിർമ്മാണ സമിതിയുടെ സംഭാവന ചരിത്രത്തിൽ എന്നും സ്മരിക്കപ്പെടും. അവരുടെ ദീർഘവീക്ഷണമാണ് വൈവിധ്യങ്ങൾ നിറഞ്ഞ ഇന്ത്യയെ ഒരുമിച്ച് നയിക്കുന്ന ജനാധിപത്യ സംവിധാനത്തിന് അടിത്തറയായത്.

സ്വാതന്ത്ര്യം എന്നത് നമുക്ക് ഇഷ്ടമുള്ളതെല്ലാം ചെയ്യാനുള്ള അവകാശമല്ല; മറിച്ച് ഉത്തരവാദിത്തത്തോടെ ജീവിക്കാനുള്ള അവസരമാണ്. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ മാനിക്കുമ്പോഴാണ് നമ്മുടെ സ്വാതന്ത്ര്യത്തിനും അർത്ഥം ലഭിക്കുന്നത്.

സ്വാതന്ത്ര്യത്തിന്റെ 80ാം വാർഷികദിനം ആഘോഷിക്കുന്ന ഈ വേളയിൽ, ഭരണഘടനയുടെ മൂല്യങ്ങളായ നീതി, സമത്വം, സാഹോദര്യം എന്നിവ ജീവിതത്തിൽ പാലിക്കാനുള്ള പ്രതിജ്ഞ എടുക്കാം. ഭരണഘടനയാണ് നമ്മുടെ സ്വാതന്ത്ര്യത്തിന്റെ കാവലാളും ജനാധിപത്യ ഇന്ത്യയുടെ ആത്മാവും.

സ്വാതന്ത്ര്യം നമുക്ക് ലഭിച്ച പൈതൃകമാണ്; ഭരണഘടന അതിനെ സംരക്ഷിക്കാനുള്ള നമ്മുടെ ഉത്തരവാദിത്തമാണ്.

## ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | NAME | AREA | MOB |
|---|---|---|---|
| A-473 | AMAL THANKACHAN JACOB | AKZ | 054-2357045 |
| B-485 | BIBIN IPE | SJU | 055-8145855 |
| B-486 | BEJOY C.T | RLA | 052-1216114 |
| J-882 | JINCY JOSEPH (MRS) | RLA | 055-1517163 |
| K-123 | KRUPA MARIYA KOSHY (MS) | MSL | 056-1730650 |
| P-169 | PRINCE THANKACHAN | BMW | 050-7187428 |
| S-945 | SHIJO MATHEW | AJS | 050-1752389 |

## SUNDAY SCHOOL ANNOUNCEMENTS

★ Summer Camp 2026 is being held jointly by Sunday School and MGOCSM from 9:30AM – 6:00PM on 29th August 2026 for students of Grades 4 to 12. Let your children uncover the masterpiece inside them through group activities, games, workshops and talks on the theme "3D – Dream, Draw and Discover". Registrations online till 23rd August, using link on parish website or in Class WhatsApp groups.

★ Sunday School classes will resume after summer holidays on September 6th.

★ Online registrations are open again till August 30th for the following Annual Unit-level Competitions:
Action Song, Story Telling, Bible Reading, Drawing & Colouring, Memory Verse writing
Please see Handbook for age categories and other details.

## MARTH MARIYAM VANITHASAMAJAM

മർത്ത്മറിയം വനിതാ സമാജത്തിന്റെ റെഗുലർ മീറ്റിംഗ് ഓഗസ്റ്റ് 9 & 23 തീയതികളിൽ നടത്തപ്പെടുന്നതും, മെഡിക്കൽ സെൽ ഓഗസ്റ്റ് 2 & 16 തീയതികളിൽ പ്രവർത്തിക്കുന്നതും ആയിരിക്കും.



### അഖണ്ഡ വേദപുസ്തക പാരായണം

മാർ കുര്യാക്കോസ് സഹദായുടെ മാതാവ് മർത്ത് യൂലിത്തിയുടെ പെരുന്നാൾ ദിനമായ ജൂലൈ 15 മുതൽ പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ദിനമായ ആഗസ്റ്റ് 15 വരെയുള്ള ദിവസങ്ങൾ മർത്ത്മറിയം വനിതാ സമാജത്തിന്റെ നേതൃത്വത്തിൽ അഖണ്ഡ വേദപുസ്തക പാരായണ മാസമായി ആചരിക്കുന്നു. ബഹുമാനപ്പെട്ട വൈദികരും, മർത്ത്മറിയം സമാജം ഭാരവാഹികളും വിശുദ്ധ വേദപുസ്തകം വായിച്ച് ഈ അനുഗ്രഹിതമായ ആത്മീയ ശുശ്രൂഷയ്ക്ക് പ്രാരംഭം കുറിച്ചു.

## OCYM

യുവജനപ്രസ്ഥാനം റെഗുലർ മീറ്റിംഗ് ഓഗസ്റ്റ് മാസം എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബ്ബാനയ്ക്കു ശേഷം നടത്തപ്പെടുന്നതാണ്.

## MGOCSM

We are delighted to announce our Summer Camp 2026 – 3D: Dream, Draw, Discover!

A fun-filled day of learning, creativity, and fellowship awaits our children.

Kindly register on or before 23rd August 2026.

## OVBS



OVBS 2026 was successfully held from 27th June to 4th July 2026 under the leadership of Rev. Fr. Sibi Mathew Varghese – Resource Person and Mrs.Seyra Joby – OVBS 2026 Superintendent.





84 Teachers and 142 Volunteers worked together to deliver songs, Bible classes, games, activities and refreshments for 941 registered students, making this the largest OVBS in UAE for 2026.






OVBS 2026 concluded with public meeting, rally and student performances on Valedictory Day of 4th July 2026.




**Tuesday 11th August 2026**

05.30 am : Liliyo & Morning Prayer
06.45 pm : Evening Prayer & Intercessory Prayer
07.45 pm : Devotional Songs
**08.00 pm : Devotional Address**
**Rev. Fr. Aby K Raju**
(Vicar, St. Mary's Orthodox Church, Ras Al Khaimah)
Nercha

**Wednesday 12th August 2026**

05.30 am : Liliyo & Morning Prayer
06.45 pm : Evening Prayer & Intercessory Prayer
07.45 pm : Devotional Songs
**08.00 pm : Devotional Address**
**Rev. Fr. Abraham Mathew**
(Vicar, St. Gregorios Orthodox Church, Jabel Ali)
Nercha

**Thursday 13th August 2026**

05.30 am : Liliyo & Morning Prayer
06.45 pm : Evening Prayer & Intercessory Prayer
07.45 pm : Devotional Songs
**08.00 pm : Devotional Address**
**Rev. Fr. Aju Abraham**
(Vicar, St. Thomas Orthodox Cathedral, Dubai)
Nercha

**Friday 14th August 2026**

05.30 am : Liliyo & Morning Prayer
06.15 pm : Evening Prayer
**07.00 pm : Holy Qurbana & Intercessory Prayer**
09.00 pm : Perunnal Pradakshinam
09.30 pm : Benediction & Nercha



## വി. മദ്ബഹ പുനർനിർമാണം

"ജനം മനസ്സോടെ വഴിപാടു കഴിച്ചതുകൊണ്ട് അവർ സന്തോഷിച്ചു; അവർ പൂർണ്ണഹൃദയത്തോടെ യഹോവയ്ക്കു വഴിപാടു കഴിച്ചു." (1 ദിനവൃത്താന്തം 29:9)

മരുഭൂമിയിലെ പരുമല എന്നറിയപ്പെടുന്ന നമ്മുടെ ദേവാലയത്തിന്റെ വി. മദ്ബഹയുടെ പുനർനിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിലേക്ക് കടക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. വിശുദ്ധ മദ്ബഹാ നവീകരണ പ്രവർത്തനങ്ങളിൽ കുടുംബത്തോടൊപ്പം പങ്കുചേരുവാൻ എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു . നമ്മുടെ ചെറിയ സമർപ്പണങ്ങൾ ദൈവത്തിന്റെ ആലയത്തിൽ വലിയ അനുഗ്രഹമായി മാറട്ടെ.

വി. മദ്ബഹായിലെ ഉപയോഗത്തിന് വേണ്ട സാധനങ്ങൾ , നിർമാണ പ്രവർത്തനത്തിന് വേണ്ട സംഭാവനകൾ എന്നിവ നേർച്ചയായി നൽകാൻ താല്പര്യമുള്ളവർ പള്ളി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ് .







Private Circulation Only